"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്- ശ്രീ. അരുൺ ഇ. കെ, മണ്ണ് സംരക്ഷണ ഓഫീസർ- പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**കൃഷി (ഇബി) വകുപ്പ്**

സ.ഉ.(സാധാ) നം.846/2023/AGRI തീയതി,തിരുവനന്തപുരം, 23-08-2023

പരാമർശം:-

1. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 20.02..2023- ലെ ഇ(3) 2777/2022 നമ്പർ നടപടിക്രമം.
2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 27.07.2023- ലെ ഇ(3) 2777/2022 നമ്പർ കത്ത്.

**ഉത്തരവ്**

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ, മണ്ണ് സംരക്ഷണ ഓഫീസറായി 12.11.2014 - ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. അരുൺ ഇ. കെ, 2 വർഷക്കാലയളവിനുള്ളിൽ അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടാതിരുന്നതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് 12.11.2016 മുതൽ ഒരു വർഷം വരെ പരാമർശം (1) പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്നും ശ്രീ. അരുൺ ഇ. കെ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ , 2021 ജൂലൈ മാസത്തിലെ നോട്ടിഫിക്കേഷൻ പ്രകാരം നടത്തിയ വകുപ്പ് തല പരീക്ഷ പാസ്സായതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കണമെന്നും ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയ അക്കൗണ്ട് ടെസ്റ്റ് പരീക്ഷ ശ്രീ. അരുൺ ഇ. കെ, വിജയിച്ചത് കണക്കിലെടുത്ത് പ്രസ്തുത അക്കൗണ്ട് ടെസ്റ്റിന്റെ അവസാന പരീക്ഷ തീയതിയായ 29.09.2021 ന്റെ പിറ്റേന്ന് 30.09.2021 പൂർവ്വാഹാനം പ്രാബല്യത്തിൽ പ്രൊബേഷൻ പ്രഖ്യാപിക്കാൻ സാധിക്കുമാറ്, ടിയാളുടെ പ്രൊബേഷൻ കാലയളവ് 12.11.2017 മുതൽ 01.10.2021 വരെ K S & SSR PART 2 ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം

ശ്രീ. അരുൺ ഇ. കെ, മണ്ണ് സംരക്ഷണ ഓഫീസർ (മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള,തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ